# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 7 July 2022 Rs. 15/-





www.ernakulamarchdiocese.org


ജൂലൈ 3-ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ തോമസ് ചക്യത്ത് പിതാവിന്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
സ്നേഹം നിറഞ്ഞ
തിരുനാൾ മംഗളങ്ങൾ!!!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 7 July 2022 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ഇടയലേഖനം - സഭാദിനം
9. കെ.സി.ബി.സി. സർക്കുലർ - യുവജനദിനം
15. അതിരൂപതാ സിനഡൽ സമ്മേളനം
20. Engagements
21. കച്ചേരിക്കാര്യം
23. Transfers/Appointments
24. നിര്യാതരായി
25. വാർത്തകളും വിശേഷങ്ങളും
26. AICO
27. Department of Catechesis
30. ഫാമിലി അപ്പോസ്റ്റലേറ്റ്
32. സുബോധന
33. ഫാമിലി യൂണിറ്റ്സ്
34. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
38. അതിരൂപതാ മദ്യവിരുദ്ധസമിതി
39. ബൈബിൾ അപ്പോസ്റ്റലേറ്റ്
40. അതിരൂപതാ ഡയറി



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| Msgr. Painumkal Joseph, Chathamma | 1894 | 1920 | 10-7-1967 |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Cheruvallil Kuriakose, Amballoor | 1940 | 1967 | 10-7-2019 |
| Fr. Manikanamparambil Kuriakose, S. Parur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| Msgr. Kandathil Augustine, Nadel | 1920 | 1947 | 18-7-2001 |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Kelamparambil Job, Thycattussery | 1949 | 1975 | 22-7-2021 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |

Prot. No. 0594/2022

# ഇടയലേഖനം

**സഭാദിനം - 3 ജൂലൈ 2022**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോമലബാർസഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു പറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്ജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവകാ-രൂപതാ-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചുപോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകതയുണ്ട്. മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറി

യതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവമിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്ത കാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമത ഭേദമെന്യേ സേവനം ചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം വഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തികൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെപേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണകർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമ പൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും

അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്ര കാരം പ്രവർത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും ക്രിസ്തുവിന്റെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ട തകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുര ക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമർദ്ദംചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നതു കർഷകരെയും അസംഘടിതവിഭാഗങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണമായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷക കുടുംബങ്ങളെ വഴിയാധാരമാ ക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹു. കോടതിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെ പ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായരീതിയിൽ അധ്വാനിച്ചുജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധിപത്യസംവിധാനത്തിൽ ഒരുക്കു കയും ചെയ്യേണ്ടതു സർക്കാരിന്റെ കടമയാണ്.

2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളു ടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീ കരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധതലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിത സമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022

ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ച ചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ച കൾക്കായി നൽകുകയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവ ത്രികസഭ വിഭാവനംചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധചെലുത്തണം. സഭ അടി സ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തി ലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതല ങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാ ളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയി പ്പിച്ചുകൊണ്ടാണു സിനഡാത്മകസഭയെ വിഭാവനംചെയ്യാനും നവീ കരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർ പ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാ വർക്കും മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടേതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

..........................................

N.B.: 2022 ജൂൺ 26-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകിയത്.

Ref: 3719/K-5/KCBC/OL/DS 24.06.2022

# യുവജനദിനം 2022

## കെ.സി.ബി.സി.
## യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മാഹാമാരിയുടെ പിടിയിൽ നിന്നും ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദേവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെ എത്തുവാൻ പരിശ്രമിക്കുന്ന നേരം. യേശു നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരളസഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു. "യുവാവേ എഴുന്നേൽക്കുക" (ലൂക്കാ 17:14) "ബാലികേ എഴുന്നേൽക്കുക" (മർക്കോ 5:41). ഈ വ്യാധിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളേയും അവരെ നയിച്ച വൈദികരേയും സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

### യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു.

ഈ വർഷം ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നത് ക്രൈസ്തവയുവത്വം ഐക്യത്തിന്റെ പ്രേഷിതത്വം എന്നതാണ്. കേരളസഭ 2022 –25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണ കാലഘട്ടമാണ്. കേരളത്തിലെ വിവിധ കത്തോലിക്കാ സംഘടനകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപതാ, ഇടവക, കുടുംബ യുണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ വിശ്വാസപരമായ സന്ദേഹങ്ങൾ ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാ സഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരത സഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേസ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരുവാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ കാറ്റലിസ്റ്റുകൾ ആകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**ഹെനോസിസ് എന്ന മന്ത്രം**

Henosis എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നൊക്കെയാണ്. ഒരു

ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്ന പോലെ (എഫേ 4:1-13) എന്ന പൗലോസപ്പോസ്തലന്റെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരുമന്ത്രം പോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈകാലഘട്ടം അത് അവരിൽ നിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നു.

**യൗവ്വനം എന്ന ലഹരി**

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. ഭാവാത്മകമായി പറഞ്ഞാൽ യൗവ്വനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളും ആകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗ വിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻ വേണ്ട പരിശീലനം നേടുകയും വേണം.

## കുടുംബം, തൊഴിൽ, പ്രവാസം

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബ രൂപീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്ന്യസ്ത ദൈവവിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാംവിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ തൊഴിൽ നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

## മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമ വിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും, സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാകേണ്ടതുണ്ട്. അന്തിചർച്ചകളിലും സിരിയലു

കളിലും സിനിമകളിലും ഒക്കെ ക്രൈസ്തവ ദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തക പ്രസിദ്ധീകരണരംഗത്തും അജണ്ടകൾ വച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ കണ്ട് ഈ വിഷയങ്ങൾ സഭയുടെ യുവജന പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തിനിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയംത്തന്നെ ഫ്രാൻസിസ് അസീസ്സിയുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്; ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

പി.ഒ.സി., കൊച്ചി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

..........................................

N.B. ഈ സർക്കുലർ 2022 ജൂലൈ 10-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

### എറണാകുളം-അങ്കമാലി അതിരൂപത

# അതിരൂപതാതല സിനഡൽ സമ്മേളനം

*2022 ജൂൺ 25-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ തൃക്കാക്കര ഭാരതമാതാ കോളേജിൽ നടന്ന അതിരൂപതാതല സിനഡൽ സമ്മേളനത്തിൽ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് നടത്തിയ പ്രസംഗത്തിൽനിന്ന്...*

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള മെത്രാപ്പോലിത്ത എന്ന നിലയിൽ ഞാൻ ഇന്ന് അതീവ സന്തോഷവാനാണ്. കാരണം, ഒരു പ്രാദേശിക സഭയായ എറണാകുളം-അങ്കമാലി അതിരൂപത അതിന്റെ വ്യക്തിത്വത്തെക്കുറിച്ചും തനിമയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ പരിചിന്തനങ്ങൾ നടത്തി, 2021 ഒക്ടോബർ 17-ാം തീയതി അതിരൂപതയുടെ കത്തീഡ്രൽ പള്ളിയിൽ ദീപം കൊളുത്തി ആരംഭിച്ച ഒരുമിച്ചുള്ള യാത്ര, ഇന്ന് ഒരു സുപ്രധാനഘട്ടത്തിൽ എത്തി നില്ക്കുകയാണ്.

Church is the Sacrament of the Kingdom of God. സഭ ദൈവരാജ്യത്തെ സൂചിപ്പിക്കുകയും നല്കുകയും ചെയ്യുന്ന ഒരു പ്രതീകമാണ്. ദൈവീകമായ ഈ സംവിധാനം അതേസമയം തന്നെ മാനുഷികവുമാണ്. അതുകൊണ്ട് തന്നെ, വത്തിക്കാൻ കൗൺസിൽ രേഖയായ *Unitatis Redintegratio* (UR) നമ്പർ 6 പറയുന്നതുപോലെ, സഭ ഒരു മാനുഷിക സ്ഥാപനം എന്ന നിലയ്ക്ക് നിരന്തരമായ നവീകരണം ആവശ്യമുള്ള ഒന്നാണ്. സഭാഗാത്രത്തിന്റെ ഈ നവീകരണം ദൈവാത്മാവിന്റെ പ്രവർത്തനമാണ്. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് നവീകരണത്തിന്റെ ചൈതന്യം പരിശുദ്ധാവിന്റെ പ്രേരണയാൽ തുറവിയോടും എളിമയോടും കൂടെ കാലാകാലങ്ങളിൽ സഭ ഉൾക്കൊണ്ടിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് അത്തരത്തിലൂള്ള ആത്മാവിന്റെ നവീകരണമായിരുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെ മറന്നുകൊണ്ട് സഭയുടെ സിനഡാത്മകതയെയും നവീകരണത്തെയും കാണാനാവില്ല. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ പറഞ്ഞത് "Synodality is an ecclesial journey that has the Holy Spirit. Without the Holy Spirit, there is no Synodality". സിനഡിന്റെ അതിമനോഹരമായ പ്രാർത്ഥനാഗാനത്തിൽ നാം കേട്ടതാണല്ലോ "നമ്മുടെ വിചിന്തനങ്ങളും, വിയോജനങ്ങളും വിനീതമായ

രീതിയിൽ നടത്താൻ ഞങ്ങളെ സഹായിക്കണമേ. എല്ലാവരേയും ഉൾക്കൊള്ളുവാൻ തക്ക വിശാലമായ മനസ്സ് ഞങ്ങൾക്ക് നല്കണമേ. അഭിപ്രായ പ്രകടനങ്ങളിൽ ശ്രദ്ധാപൂർവ്വമായ വിവേക വചസ്സ് ഞങ്ങൾക്ക് നല്കണമേ. എല്ലാവരേയും നിബന്ധനകളില്ലാതെ സ്നേഹിക്കാൻ ഉദാരമായ ഹൃദയം ഞങ്ങൾക്കു നല്കണമേ." പരിശുദ്ധാത്മാവാണ് സഭയിൽ ഈശോയുടെ സാന്നിധ്യം തെളിഞ്ഞു കാണാൻ നമ്മെ സഹായിക്കുന്നത്. സിനഡിനോടനുബന്ധിച്ചുള്ള ഒരുക്ക രേഖയിൽ ഇപ്രകാരം നാം വായിക്കുന്നുണ്ട്. "യേശുവിന്റെ സാന്നിധ്യമില്ലെങ്കിൽ മറ്റാരെങ്കിലും/മറ്റെന്തെങ്കിലും അവിടുത്തെ സ്ഥാനം ഏറ്റെടുക്കും. അപ്പോൾ അപ്പസ്തോലന്മാരും, ജനക്കൂട്ടവും തമ്മിലുള്ള കരാർ ആയി സഭ പരിണമിക്കും. അങ്ങനെ ഒരു രാഷ്ട്രീയരീതിയുടെ ഉപജാപമായി അത് അവസാനിക്കും." പരിശുദ്ധാത്മാവ് നഷ്ടപ്പെട്ട സഭ, അതിരൂപത, ഇടവക, കുടുംബം എന്നിവ ഉറകെട്ടുപോയ ഉപ്പുപോലെയാണ്. പുറത്തേക്കെറിഞ്ഞ് ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അത് ഉപകരിക്കുകയില്ല. ചില സമയമെങ്കിലും ക്രിസ്തു സാന്നിധ്യം നഷ്ടപ്പെട്ട അവസ്ഥ നമ്മുടെ സഭയിലും കടന്നു വന്നിട്ടുണ്ട്. യേശുവിന്റെ മൂല്യങ്ങൾ വിസ്മരിച്ച് സ്ഥാപനവൽക്കരണത്തിന്റെ പുറകേപോയ ചരിത്രങ്ങൾ ഉണ്ടായിട്ടുണ്ട്. സുവിശേഷ മൂല്യങ്ങളേക്കാളും പാരമ്പര്യങ്ങൾക്കും ആചാരങ്ങൾക്കും പ്രാധാന്യം കൊടുത്ത സന്ദർഭമുണ്ടായിട്ടുണ്ട്. അവയെല്ലാം ആത്മശോധനയോടെ വിലയിരുത്തി സഭയിൽ ക്രിസ്തുവിന്റെ മുഖം കൂടുതൽ പ്രകാശിപ്പിക്കാനും 'നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കണമെന്ന' ഈശോയുടെ ആഗ്രഹം മനസ്സിലാക്കാനും, അടിമയെന്നോ സ്വതന്ത്രനെന്നോ യഹൂദനെന്നോ, വിജാതിയനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വ്യത്യാസമില്ലാതെ എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു സഭാത്മകത സ്വന്തമാക്കാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

വി. ജോൺ ക്രിസോസ്റ്റം പറയുന്നത് സഭയുടെ പര്യായമാണ് സിനഡെന്നാണ്. സഭ സിനഡാണ്. സിനഡാലിറ്റിയാണ് സഭയുടെ അടിസ്ഥാന സ്വഭാവം. ബിഷപ്സ് സിനഡ് സ്ഥാപിച്ചതിന്റെ 50-ാം വാർഷികത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ നല്കിയ സന്ദേശത്തിൽ ഇപ്രകാരം നാം കേട്ടു. "മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് സിനഡാത്മകതയുടെ പാതയാണ്. എന്താണ് സിനഡ്? അതു കേവലം സഭാപരമായ യോഗങ്ങൾ മാത്രമല്ല. മെത്രാ

ന്മാരുടെ അസംബ്ളി മാത്രമല്ല. സഭയുടെ ഭരണ നിർവ്വഹണത്തിന്റെ കേവല രൂപം മാത്രമല്ല. സാധാരണയായി സിനഡ് എന്നു കേൾക്കുമ്പോൾ നമ്മുടെ മനസിലേയ്ക്ക് ആദ്യം കടന്നു വരുന്നത് മെത്രാന്മാരുടെ സമ്മേളനത്തെക്കുറിച്ചാണ്. എന്നാൽ സിനഡ് എന്നു പറയുന്നത് ദൈവജനമായ സഭയുടെ പ്രത്യേക ജീവിത രീതിയും പ്രവർത്തന ശൈലിയുമാണ്. ഒരുമിച്ചു സഞ്ചരിക്കുകയും, ഒരുമിച്ചു കൂടുകയും, അവളുടെ സുവിശേഷവൽക്കരണ ദൗത്യത്തിൽ സജീവമായി ഒരുമിച്ചു പങ്കുചേരുകയും ചെയ്യുന്നതിനെ വെളിപ്പെടുത്തുന്ന പദമാണ് സിനഡ്. ഈ ഒരുമിച്ചുള്ള യാത്രയിൽ എല്ലാവരേയും അറിയണം, എല്ലാവരേയും കേൾക്കണം എല്ലാവർക്കും അവസരങ്ങൾ ഉണ്ടാകണം, മേൽക്കോയ്മകൾ അവസാനിപ്പിക്കണം. സഭയുടെ അടിസ്ഥാന സ്വഭാവമായ 'സിനഡാലിറ്റി' നഷ്ടപ്പെടുത്തുന്നതാണ് സഭയുടെ പരാജയത്തിന്റെ കാരണം.

ഈ ഒരുമിച്ചുള്ള യാത്രയിൽ സഭ ഇന്ന് കാത് തുറന്നു പിടിക്കുകയാണ്. 'ശ്രവണം' വളരെ പ്രധാനപ്പെട്ടതാണ്. 'ഒരു നാവിന് രണ്ട് ചെവി' ഇതാണ് കണക്ക്. പറയുന്നതിനേക്കാൾ കൂടുതൽ കേൾക്കാൻ ശ്രമിക്കണം. ജനം കേൾക്കുന്നു, വൈദികർ കേൾക്കുന്നു, സമർപ്പിതർ കേൾക്കുന്നു, അതിരൂപത കേൾക്കുന്നു, മെത്രാൻ സംഘം കേൾക്കുന്നു, മാർപ്പാപ്പ കേൾക്കുന്നു. എന്തൊക്കെയാണ് കേൾക്കേണ്ടത്: അഭിനന്ദനങ്ങൾ കേൾക്കണം, വിമർശനങ്ങൾ കേൾക്കണം, പൊട്ടിച്ചിരികൾ കേൾക്കണം, കരച്ചിലുകൾ കേൾക്കണം. അടിച്ചമർത്തപ്പെട്ടവരെ കേൾക്കണം. മാറ്റി നിർത്തപ്പെട്ടവരെ കേൾക്കണം, നഷ്ടപ്പെട്ട കുഞ്ഞാടുകളുടെ രോദനത്തിനു കാതു കൊടുക്കണം. നമ്മുടെ അഭിപ്രായത്തിനും ആശയത്തിനും എതിരായിട്ടുള്ളവരേയും കേൾക്കണം. എന്നാൽ ഇന്ന് നേരിടുന്ന വലിയ ഒരു പ്രതിസന്ധി 'കേൾക്കാൻ ഭയപ്പെടുന്ന ഒരു പ്രവണതയാണ്'. കേൾക്കാൻ ശ്രമിക്കുന്നില്ല. ശ്രവണത്തെ ഭയക്കുന്നു. ഇവിടെയും യേശുതന്നെയാണ് നമ്മുടെ മാതൃക. അവൻ കേട്ടവനാണ്. അഭിപ്രായങ്ങൾ ചോദിച്ചറിഞ്ഞവനാണ്. കേസറിയാഫിലിപ്പിയിൽ യേശുവിന്റെ അധരത്തിൽ നിന്നുയർന്ന രണ്ടു ചോദ്യങ്ങൾ നാം ഓർക്കുന്നില്ലേ? ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? സിനഡ് ഉദ്ഘാടനം ചെയ്യപ്പെട്ട അന്നുമുതൽ എറണാകുളം-അങ്കമാലി അതിരൂപതയും നടത്തിയത് ശ്രവിക്കാനുള്ള ശ്രമമാണ്. ഈ സഭയെപ്പറ്റി, അതിരൂപതയെപ്പറ്റി അതിരൂപതയുടെ മക്കൾ എന്തുപറയുന്നു? പൊതു സമൂഹം എന്തു

പറയുന്നു. കുട്ടികളെ കേട്ടു, ഫാമിലിയൂണിറ്റുകളെ കേട്ടു, ഇടവകകളെ കേട്ടു, ഫൊറോനതലത്തിൽ കേട്ടു, വൈദികരെ കേട്ടു. ഇതരമതസ്ഥരുടെ അഭിപ്രായങ്ങൾ ശ്രവിച്ചു. മാധ്യമപ്രവർത്തകർ, കർഷകർ, അഡ്വക്കേറ്റ്സ് എന്നിവരെ വിവിധ ഘട്ടങ്ങളിലായി കേട്ടു. ഇതരസംസ്ഥാന തൊളിലാളികളെ കേട്ടു, ട്രാൻസ് ജെൻഡേഴ്സിനെ കേട്ടു. ഇങ്ങനെ ചെറിയ ചെറിയ ഇടങ്ങളിലെ ചിരികൾ ഇന്ന് ഈ അതിരൂപതാ സിനഡൽ സമ്മേളനത്തിൽ പൊട്ടിച്ചിരികളായി മാറുന്നു. ചെറിയ ചെറിയ ഇടങ്ങളിലെ തേങ്ങലുകൾ ഇന്ന് ഈ അതിരൂപതാ സമ്മേളനത്തിൽ വലിയ വായിലുള്ള നിലവിളിയായ് മുഴങ്ങുന്നു. കേൾക്കാൻ ഭയപ്പെടുന്ന സഭ ക്രിസ്തുവിന്റെ സഭയല്ല. വിമർശിക്കപ്പെടാൻ ഭയപ്പെടുന്ന സഭ ക്രിസ്തുവിന്റെ സഭയല്ല. ക്രിസ്തുവിന്റെ പ്രവാചക ദൗത്യത്തിൽ പങ്കുചേരുന്ന ദൈവജനത്തെ ശ്രവിച്ചുകൊണ്ട് നമ്മുടെ സിനഡൽ പ്രക്രിയ മുന്നോട്ടു നീങ്ങുന്നു.


ഒരുമിച്ചു നടക്കുക എന്ന സഭയുടെ അടിസ്ഥാന ഭാവം ജീവിക്കാൻ പരിശ്രമിക്കുന്ന അതിരൂപതയാണ് എറണാകുളം-അങ്കമാലി അതിരൂപത. അഭിപ്രായങ്ങൾ തുറന്നു പറയാൻ ധൈര്യമുള്ള, വിമർശിക്കപ്പെടാൻ ഭയമില്ലാത്ത അതിരൂപതയാണിത്. വർഗ്ഗീയതയുടെ മാലിന്യമില്ലാതെ എല്ലാവരേയും ഉൾക്കൊള്ളുന്ന അതിരൂപതയാണിത്. ദൗത്യനിർവ്വഹണത്തിൽ ദൈവജനത്തേയും പങ്കുചേർക്കാൻ ആഗ്രഹിക്കുന്ന അതിരൂപതയാണിത്. അതുകൊണ്ടു തന്നെയാണ് ഈ സിനഡൽ പ്രക്രിയ ധൈര്യപൂർവ്വം അതിരൂപത ഏറ്റെടുത്തതും, ഈ ഘട്ടംവരെ വിജയകരമായി പൂർത്തീകരിച്ചതും. നമ്മളെയാരും കേൾക്കുന്നില്ലല്ലോ എന്ന ദുഃഖം ഉള്ളിലുണ്ടെങ്കിലും കേൾക്കപ്പെടാൻ ആഗ്രഹിക്കുന്നവരെ കേൾക്കാൻ ഈ അതിരൂപത കാണിക്കുന്ന മനസ്സുണ്ടല്ലോ, അതാണ് സിനഡാലിറ്റി ചോർന്നുപോകാത്ത ഒരു പ്രാദേശിക സഭയായി, ധൈര്യപൂർവ്വം ത്യാഗോജ്ജ്വലമായി നിലകൊള്ളാൻ ഈ അതിരൂപതയ്ക്ക് ശക്തി നല്കുന്നത്. ഈ അതിരൂപതയുടെ ഹൃദയത്തിൽ എല്ലാവർക്കും സ്ഥാനമുണ്ട്. ചോദിക്കുന്നതും ആഗ്രഹിക്കുന്നതും എല്ലാം നടത്തിതരാനാകില്ലെങ്കിലും ആരേയും മാറ്റിനിർത്തില്ലയെന്ന് ഞാൻ ഉറപ്പുതരുന്നു.

എപ്രകാരമാണ് നമ്മുടെ അതിരൂപതയിൽ ഈ 'ഒരുമിച്ചുള്ള സഞ്ചാരം' നടക്കുന്നത്? ഇങ്ങനെ ഒരുമിച്ചുള്ള നടത്തത്തിൽ നമുക്കുള്ള സന്തോഷങ്ങൾ, പ്രതിസന്ധികൾ, മുറിവുകൾ ഏതൊക്കെയാണ്? നമ്മുടെ

അതിരൂപത എന്നു പറയുമ്പോൾ ആരൊക്കെയാണ് അതിൽ ഉള്ളത്? ഇതെല്ലാം നമ്മുടെ ആത്മശോധനയ്ക്ക് വിധേയമാക്കാം. അതിരൂപതയുടെ ഈ ഹൃദയം പ്രകടമാകുന്നത് പ്രധാനമായും വൈദികരിലൂടെയും സമർപ്പിതരിലൂടെയും അത്മായ നേതാക്കളിലൂടെയുമാണ്. നിങ്ങളോട് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ് എല്ലാവരേയും ചേർത്തുനിർത്തുന്ന, ആരേയും ഒഴിവാക്കാത്ത ഒരു ശുശ്രൂഷ ശൈലി നിങ്ങൾ സ്വന്തമാക്കണം. പാപികളും അയോഗ്യരുമായ നമ്മെ ദൈവം തന്നോടു ചേർത്തുനിർത്തുന്നുണ്ടെങ്കിൽ എന്തിന്റെ പേരിലാണ് നമ്മുടെ സഹോദരങ്ങളെ അകറ്റിനിർത്തുന്നത്. ട്രാൻസ്ജെൻഡേഴ്സിന്റെ സിനഡ് നടന്നപ്പോൾ ഒരാൾ പങ്കുവച്ച പ്രാർത്ഥന ഇപ്രകാരമാണ്. 'എന്നെയും കൂടി ഉൾക്കൊള്ളണേ'. സഭയിലേയ്ക്ക് സമൂഹത്തിലേയ്ക്ക്, കൂട്ടായ്മയിലേയ്ക്ക് ദൈവത്തിന്റെ മക്കളായ എല്ലാവരേയും ഉൾക്കൊള്ളുന്നതരത്തിൽ മാനസികമായ വിശാലത നമുക്കേവർക്കും പരിശുദ്ധാത്മാവ് നല്കട്ടെ.

---


## 'നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾ'




സീറോമലബാർ സഭാംഗങ്ങളുടെ വിവിധ ആചാരാനുഷ്ഠാനങ്ങളുടെ ഉത്ഭവവും വാക്കുകളുടെ അർത്ഥവും കാലാകാലങ്ങളിൽ സംഭവിച്ചിട്ടുള്ള വ്യത്യാസങ്ങളും വിശദീകരിച്ചിരിക്കുന്ന ചരിത്ര പുസ്തകമാണ് *'നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾ'* ബഹു. ഇഗ്നേഷ്യസ് പയ്യപ്പള്ളി അച്ചനാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്.

 എറണാകുളം മിസ്സം

# ENGAGEMENTS



## Archbishop Antony Kariyil

### Vicar of the Major Archbishop

**JULY 2022**

| | | | |
|---|---|---|---|
| 1 | pm | N. Paravur | Blessing - Karunya Homes (Holy Mass) |
| 2 | am | Ernakulm | Lisie Hospital - Cath Lab Inauguration |
| | | Ponnurunni | Sahrudaya Welfare Service's Meeting |
| | pm | Thrikkakara | Vestition - Leuca Sisters |
| 3 | am | Kokkamangalam | Feast Mass |
| | pm | Pallippuram | Foundation Stone laying |
| 7 | am | Niveditha | Annual Retreat |
| 9 | am | Renewal Centre | Vice Chairmen's Meeting |
| | | Angamaly | L.F Hospital- Inaguration of New MICU |
| 10 | am | Muringoor | K.C.Y.M. Meeting |
| 10 | am | Chendamangalam | Church Re-consecration |
| 16 | am | Renewal Centre | Pastoral Council Meeting |
| 24 | am | Uzhuva | Grand Parents Day |
| | pm | Elamakkara | Grand Parents Day |
| 31 | pm | Mookkannoor | Forane K.C.Y.M. Youth Meeting & Senior Citizens' meet |

* * * * *

# കച്ചേരിക്കാര്യം

## വിയാനി ഡേ

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി** യുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതി **വ്യാഴാഴ്ച 10.30 – ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ** ആഘോഷിക്കുന്നു. അന്നേ ദിവസം ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്.

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദ്ദമായി ക്ഷണിക്കുന്നു. വിശുദ്ധ കുർബാനയിലും, മീറ്റിംഗിലും പങ്കുചേർന്ന് ജൂബിലേറിയൻസിനോടൊപ്പം ദൈവത്തിന് നന്ദിപറയുന്നതിനും അവരെ ആദരിക്കുന്നതിനും ബഹു. അച്ചന്മാർ കൃത്യ സമയത്തുതന്നെ എത്തിച്ചേരുമല്ലോ.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

---

## അഭിനന്ദനങ്ങൾ



ബങ്കലൂരു ധർമ്മരാം വിദ്യാക്ഷേത്രത്തിലെ ഫാക്കൽറ്റി ഓഫ് തിയോളജിയിൽനിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബ. ജിപ്സൺ ഇടപ്പുളവൻ അച്ചന്** അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!!!

പ്രബന്ധം: "Celebration of Mutuality in the Sacrament of Covenantal Love-Relationship: A Study Based on the Syro-Malabar Liturgy of Matrimony."

# ദേവാലയ ശുശ്രൂഷികളുടെ ധ്യാനം-സിനഡൽ സംഗമം

നമ്മുടെ അതിരൂപതയിലെ ദേവാലയ ശുശ്രൂഷികളുടെ ധ്യാനവും സിനഡൽ സംഗമവും രണ്ട് ബാച്ചുകളിലായി കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ചിരിക്കുന്നു.

**ആദ്യ ബാച്ച്:** 2022 ജൂലൈ 18 തിങ്കൾ രാവിലെ 10.00 മുതൽ 20 ബുധൻ ഉച്ചയ്ക്ക് 1.00 വരെ

ഫൊറോനകൾ: കൊരട്ടി, മൂഴിക്കുളം, കറുകുറ്റി, ഇടപ്പള്ളി, ചേർത്തല, വല്ലം, തൃപ്പൂണിത്തുറ, പള്ളിപ്പുറം

**രണ്ടാം ബാച്ച്:** 2022 ജൂലൈ 20 ബുധൻ രാവിലെ 10.00 മുതൽ 22 വെള്ളി ഉച്ചയ്ക്ക് 1.00 വരെ

ഫൊറോനകൾ: അങ്കമാലി, മൂക്കന്നൂർ, കാഞ്ഞൂർ, കിഴക്കമ്പലം, പറവൂർ, വൈക്കം, മഞ്ഞപ്ര, എറണാകുളം

ബഹു. വികാരിയച്ചൻമാർ ദേവാലയ ശുശ്രൂഷികളെ ധ്യാനത്തിന് പറഞ്ഞുവിടുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**എല്ലാ ദേവാലയ ശുശ്രൂഷികളുടെയും സംഗമം**
**ജൂലൈ 20-ാം തീയതി 10.00 മുതൽ 1.00 മണി വരെ**

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ, റിന്യുവൽ സെന്റർ**

# Transfers/Appointments

(Already effected)

## April 2022

**Rev. Fathers**

| | |
|---|---|
| Bharanikulangara Paul (Jino) | Study leave (till 15.06.2022) |
| Kozhikkadan Joseph | Champannoor North Vicar |
| Palatty Stephen (Benny) | Mathanagar - Public School Manager |
| Vazhappilly Sebastian | Relieved - Mallussery (Acting Vicar) |

## May 2022

| | |
|---|---|
| Kiriyanthan Joe Paul | Niveditha - Dean of Study |
| Kizhakkettam Sebastian | Relieved - Naipunnya International - Asst. Director |
| Konuparamban Sebastian | Naipunnya International & Naipunnya Overseas - Asst. Director |
| Kurisingal Jeril (Mathew) | Study - Rome |
| Meembamthanathu Stephen (Dibin) | Study - Rome |
| Nedunilathuthara Jomy CMI | Edakkunnu - Vicar Asst. |
| Padayattil George (Varkey) | Micro-Insurance Program of WSE, Ponnurunni - Director |
| Vazhappilly Sebastian | Ambunad - Acting Vicar (till 15.06.2022) |

## June 2022

| | |
|---|---|
| Kalapurackal Joseph (Abin) | Study - Bangalore |
| Kottukappilly Jain OFM Conv. | Ezhupunna - Vicar Asst. |
| Madathiparambil Arun (Devasia) (Mananthavady) - Angamaly (Residence) | |
| Maliekkal Subash (Sebastian) MSC | Kizhakkumbhagam - Vicar |
| Mannezhath Antochan CMI | Relieved - Manappuram (Monastery) |
| Panthiruparayil Thomaskutty CST | Relieved - Mookkannoor |
| Parackal Antony (Subin) | Relieved - Kizhakkumbhagam (Resi.-Kalady) |
| Tharayil Issac CMI | Manappuram (Monastery) - Pro. Vicar |
| Tharayil Thomas | Study - Bangalore |
| Thottungathara Varghese CST | Mookkannoor - Helping |
| Vazhappilly Sebastian | Chittanad - Vicar |

**Chancellor**

# നിര്യാതരായി

## സി. ക്രിസോസ്റ്റം CMC

സെന്റ് തെരേസാ കോൺവെന്റ്, കൂനമ്മാവ്



| | | |
|---|---|---|
| ജനനം | : | 03-04-1929 |
| ആദ്യവ്രതം | : | 04-01-1953 |
| മരണം | : | 13-06-2022 |

## സി. അലക്കോക് FCC

എസ്.എച്ച്. കോൺവെന്റ്, അങ്കമാലി



| | | |
|---|---|---|
| ജനനം | : | 31-03-1934 |
| ആദ്യവ്രതം | : | 08-05-1958 |
| മരണം | : | 30-05-2022 |

## സി. വിനയ CSN

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം



| | | |
|---|---|---|
| ജനനം | : | 04-11-1948 |
| വ്രതവാഗ്ദാനം | : | 31-05-1971 |
| മരണം | : | 30-05-2022 |

# വാർത്തകളും വിശേഷങ്ങളും

## കായേന്റെ പദ്ധതികളാണ് ഇന്ന് ലോകത്തെ നയിക്കുന്നത്: ഫ്രാൻസിസ് പാപ്പാ

പൗരസ്ത്യസഭകൾക്കായുള്ള സഹായപ്രവർത്തനങ്ങളുടെ സംഘടനയുടെ (ROACO) പ്ലീനറി സമ്മേളനത്തിൽ സംബന്ധിച്ച ആളുകളോട് സംസാരിക്കവെ, പഴയനിയമത്തിലെ സഹോദരഘാതകനായ കായേന്റെ പദ്ധതികളാണ് ഇന്ന് ലോകത്ത് പലയിടത്തും നിലനിൽക്കുന്നതെന്ന് പാപ്പാ പറഞ്ഞു.

സമാധാനത്തിനായുള്ള ശ്രമങ്ങൾ ലോകത്തിന്റെ വിവിധയിടങ്ങളിൽ നടക്കുന്നുണ്ടെങ്കിലും, പലയിടങ്ങളിലും ഭക്ഷണം കുറയുകയും ആയുധക്കൂമ്പാരങ്ങൾ വർദ്ധിക്കുകയുമാണ് ചെയ്യുന്നതെന്ന് പാപ്പാ അപലപിച്ചു. നിലവിലെ സ്ഥിതിയിൽ, പ്രാർത്ഥനയും ഉപവാസവും, മറ്റുള്ളവർക്കുള്ള സഹായങ്ങളും, സംഘർഷങ്ങളുടെ കൊടുംകാട്ടിൽ, സമാധാനത്തിന്റെ പാതകൾക്ക് ഇടം കണ്ടെത്തുന്നതിനായി പ്രവർത്തിക്കുന്നത് തുടരാമെന്നും പാപ്പാ പറഞ്ഞു. എത്യോപ്യ, എറിത്രിയ പ്രദേശങ്ങളിലെ സംഘർഷങ്ങളും, ഉക്രൈനിൽ തുടരുന്ന യുദ്ധവും ലോകത്തിന്റെ മാറ്റ് വിവിധ ഭാഗങ്ങളിൽ തുടരുന്ന അക്രമങ്ങളുമായി ബന്ധപ്പെട്ടാണ് പാപ്പാ ഇങ്ങനെ പറഞ്ഞത്.

ഉക്രൈനിൽ തുടരുന്ന യുദ്ധത്തെക്കുറിച്ച് സംസാരിക്കവെ, അവിടെ ജീവനെ നശിപ്പിക്കുന്ന ഒരു അക്രമമാണ് തുടരുന്നതെന്ന് പാപ്പാ പറഞ്ഞു. ഇത്, പൈശാചികമായ, ലൂസിഫെറിന്റേതുപോലുള്ള ഒരു അക്രമമാണെന്നും, അതിനോട്, പ്രാർത്ഥനയുടെ ശക്തിയുടെയും, മൂർത്തമായ കാരുണ്യപ്രവർത്തികളുടെയും, ക്രൈസ്തവമായ എല്ലാ മാർഗങ്ങളിലൂടെയും പ്രതികരിക്കണമെന്നും പാപ്പാ ആവശ്യപ്പെട്ടു. ആയുധങ്ങൾ ചർച്ചകൾക്ക് വഴിമാറിക്കൊടുക്കട്ടെയെന്ന് പാപ്പാ ആശംസിച്ചു.

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂൺ 21 | നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തല |
| ജൂൺ 23 | സെന്റ് ജോസഫ്സ് ITI, തുറവൂർ |
| ജൂൺ 27 | എറണാകുളം ആർച്ച്ഡയോസിയൻ സോഷ്യൽ & ചാരിറ്റബിൾ ട്രസ്റ്റ് |
| ജൂൺ 28 | മഡോണ ചാരിറ്റബിൾ ട്രസ്റ്റ്, സൗത്ത് വാഴക്കുളം |
| ജൂൺ 29 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| മെയ് 30 | ജിയോ സെന്റർ, ചക്കരപ്പരമ്പ് |
| മെയ് 31 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂൺ 01 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| ജൂൺ 03 | സെന്റ് മൈക്കിള്സ്പബ്ലിക്സ്കൂൾ, തിരുമറയൂർ |
| ജൂൺ 06 | സെന്റ് മൈക്കിള്സ്പബ്ലിക്സ്കൂൾ, തിരുമറയൂർ |
| ജൂൺ 09 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ജൂൺ 10 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 10 | സെന്റ് മേരീസ് ചർച്ച്, കൊരട്ടി |
| ജൂൺ 11 | സുബോധന പാസ്റ്ററൽ സെന്റർ, അങ്കമാലി |
| ജൂൺ 11 | മാർ ലൂയീസ്, കറുകുറ്റി |
| ജൂൺ 14 | പ്രീസ്റ്റ്സ് ഹോം, പൊതി |
| ജൂൺ 17 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 22 | സെന്റ് മൈക്കിൾസ് പബ്ലിക് സ്കൂൾ, തിരുമറയൂർ |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷം ആരംഭിച്ചല്ലൊ. വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമമായ എലൈവും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന ശില്പശാലയായ എൻലൈറ്റും 2022 ജൂലൈ മാസം 10-ാം തീയതി മുതൽ ആരംഭിക്കുന്നു. ഓരോ ഫൊറോനയിലും നടത്തപ്പെടേണ്ട തീയതികൾ കാറ്റിക്കിസം ഫൊറോന കൗസിലിനെ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

1. **എലൈവ്** - 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പരിപാടികൾ:

- ജൂലൈ 10 ഞായർ: എലൈവ് - വല്ലം ഫൊറോന - സെന്റ് ജോർജ് ചർച്ച്, കൂടാലപ്പാട്
- ജൂലൈ 17 ഞായർ: എലൈവ് - തൃപ്പൂണിത്തുറ ഫൊറോന - ഹോളി ഫാമിലി ചർച്ച്, കീച്ചേരി
- ജൂലൈ 24 ഞായർ: എലൈവ് - മഞ്ഞപ്ര ഫൊറോന - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, സെബിപുരം
- ജൂലൈ 31 ഞായർ: എലൈവ് - കിഴക്കമ്പലം ഫൊറോന - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, അശോകപുരം
- ആഗസ്റ്റ് 07 ഞായർ: എലൈവ് - കൊരട്ടി ഫൊറോന പള്ളി

2. **റസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

2022-2023 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:

- **ഡിപ്ലോമ (ഒന്നാം വർഷം):**
  - 2022 ഒക്ടോബർ 03, 04, 05 - 1st Session (03-ന് രാവിലെ 9.00-ന് എത്തിച്ചേരുന്നു).
  - 2023 ഏപ്രിൽ 16, 17 - 2nd Session

- **ഡിപ്ലോമ (രണ്ടാം വർഷം):**
  - 2022 ഒക്ടോബർ 22, 23, 24 - 1st Session
    (22-ന് രാവിലെ 9.00-ന് എത്തിച്ചേരുന്നു).
  - 2023 മെയ് 05, 06 - 2nd Session

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷനുംവേണ്ടി www.catechismernakulam.com ൽ Diploma Residential Course എന്ന Menu വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

3. **സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം:**

ജൂൺ 11-ന് ശനിയാഴ്ച നമ്മുടെ അതിരൂപതയിൽ സന്മാർഗ്ഗബോധനം നടത്തുന്ന റഗുലർ സ്കൂളുകളിലെ പ്രധാനാധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. അതിരൂപത സന്മാർഗ്ഗബോധനവിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. 102 സ്കൂളുകളിൽ നിന്നായി 130 അധ്യാപകർ യോഗത്തിൽ പങ്കെടുത്തു.

4. **വിശ്വാസപരിശീലന പ്രധാനാധ്യാപകരുടെ സംഗമം:**

ജൂൺ 26 ഞായറാഴ്ച വിശ്വാസപരിശീലകരായ 280 പ്രധാനാധ്യാപകരുടെ സംഗമം ചുണങ്ങംവേലി നിവേദിതയിൽ നടത്തി. ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. മുൻ ഡയറക്ടർ റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ മോട്ടിവേഷൻ ടോക്ക് നൽകി. അതിരൂപത വിശ്വാസപരിശീലനവിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും പുതിയ അദ്ധ്യായനവർഷത്തിന്റെ ആപ്തവാക്യമായ 'ഒപ്പം നടക്കാം' എന്ന വിഷയത്തെക്കുറിച്ച് ആധികാരികമായി സംസാരിക്കുകയും ചെയ്തു. അസി. ഡയറക്ടർ ബഹു. ജോസ് വടക്കനച്ചൻ വിശുദ്ധ കുർബാനയർപ്പിക്കുകയും യോഗം കോർഡിനേറ്റു ചെയ്യുകയും ഉണ്ടായി.

## കാറ്റക്കിസം റിസോഴ്സ് ടീം രൂപീകരണം

വിശ്വാസപരിശീലനരംഗത്തെ സഹായിക്കാൻ ഉതകുന്ന രീതിയിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്വാസപരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്ന അംഗങ്ങൾക്കും ക്ലാസ്സുകൾ (സെഷൻസ്) നൽകുന്നതിനുവേണ്ടി ഒരു റിസോഴ്സ് ടീം രൂപീകരിക്കുന്നു. ബഹു.

അച്ചന്റെ ഇടവകയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുവാൻ താല്പര്യമുള്ള, യോജിച്ച ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങൾ വിശ്വാസപരിശീലനകേന്ദ്രത്തെ അറിയിക്കുമല്ലൊ. അവരുടെ പേര് വിവരങ്ങൾ ഓഫീസ് ഫോണിലേക്ക് അയച്ചാലും മതിയാകും. കാറ്റക്കിസം മേഖലയിൽ പ്രവർത്തിച്ചിട്ടുള്ളവർക്കും ഇപ്പോൾ പ്രവർത്തിക്കുന്നവർക്കും ദൈവശാസ്ത്ര കോഴ്സിൽ പങ്കെടുത്തിട്ടുള്ളവർക്കും മുൻതൂക്കം കൊടുക്കാം. (ഓഫീസ് നമ്പർ 9400343930) അവരെ ഒരുമിച്ചു കൂട്ടി ഒരു റിസോഴ്സ് ടീമിനെ രൂപീകരിക്കുവാൻ വേണ്ടിയാണ്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

# *New Office-Bearers*

## Little Flower Congregation (CST)

## General Administration Team

| | | |
|---|---|---|
| Superior General | - | Fr. JojoVarakukalayil CST |
| Vicar General | - | Fr. George Aranchery CST |
| General Councillor | - | Fr. John Kapiarumalayil CST |
| General Councillor | - | Fr. Anish Angadiath CST |
| General Councillor | - | Fr. Jeevan Thundiyil CST |
| General Auditor | - | Fr. Tiyo Kochukavumpurath CST |

***Congratulations and Prayerful Wishes to the New Office-Bearers***

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 ജൂലൈ – ആഗസ്റ്റ്

### വിവാഹഒരുക്ക ധ്യാനം (MPR) (ഓഫ്‌ലൈൻ)

| | |
|---|---|
| ജൂലൈ 04-06 (കലൂർ) | ആഗസ്റ്റ് 01-03 (കലൂർ) |
| ജൂലൈ 12-14 (കാലടി) | ആഗസ്റ്റ് 08-10 (കാലടി) |
| ജൂലൈ 18-20 (കലൂർ) | ആഗസ്റ്റ് 15-17 (കലൂർ) |
| ജൂലൈ 26-28 (കാലടി) | ആഗസ്റ്റ് 22-24 (കലൂർ) |
| | ആഗസ്റ്റ് 23-25 (കാലടി) |
| | ആഗസ്റ്റ് 30-01 (കാലടി) |
| | ആഗസ്റ്റ് 24-26 (കാലടി) |
| | ആഗസ്റ്റ് 30-സെപ്റ്റം 1 (കാലടി) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** ജൂലൈ 01-03

**വിധവാ ധ്യാനം** ജൂലൈ 15-17

**ദമ്പതി ധ്യാനം** ജൂലൈ 21-24

**അനുയാത്ര (ഓൺലൈൻ)**

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി
ജൂലൈ 10

**ഫാമിലി ഔവർ**

ജൂലൈ 02 – യൂദിത്ത് ഫോറം
ജൂലൈ 02, 12, 19, 26 – ഹോളി ഫാമിലി സിസ്റ്റേഴ്സ്
ജൂലൈ 16 – മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് (MCC)

## സ്നേഹജ്വാല (പാരന്റിംഗ് സെമിനാർ)

ജൂലൈ 10 - പള്ളിപ്പുറം ജൂലൈ 24 - ആലങ്ങാട്
ജൂലൈ 17 - കോടുശ്ശേരി ജൂലൈ 31 - കണ്ടനാട്

## ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം

### ഗ്രാൻഡ് പാരന്റ്സ് ഡേ ആഘോഷം

ഈശോയുടെ ഗ്രാൻഡ് പാരന്റ്സ് ആയ വി. യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ ദിനമായ ജൂലൈ 26-ാം തീയതി നമ്മുടെ അതിരൂപതയിൽ 'ഗ്രാൻഡ് പാരന്റ്സ് ഡേ' ആയി ആഘോഷിക്കുന്നു. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നല്കുന്ന അംഗീകാരത്തെയും ബഹുമാനത്തെയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. അതിനുവേണ്ടതായ ക്രമീകരണങ്ങൾ അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സഹകരണത്തോടെ ഇടവകതലങ്ങളിൽ നടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

സംഘാടനം : **ഇടവകാടിസ്ഥാനത്തിൽ, ഗ്രെയ്സ് റിപ്പിൾസ് - മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റ് ദമ്പതി കൂട്ടായ്മകളുടെ നേതൃത്വത്തിൽ**

ദിവസം : **ജൂലൈ 24 (ഞായർ)**

വിഷയം : **സുകൃത സൗഹൃദത്തിന് ഗ്രാന്റ് പാരന്റ്സ്**

നടത്താവുന്ന രീതികൾ

- അന്നേദിവസം വി. കുർബാനയോടനുബന്ധിച്ച് സംഘടിപ്പിക്കുക.
- വി.കുർബാനയ്ക്ക് ദേവാലയത്തിൽ ഏറ്റവും മുന്നിലായി ഗ്രാൻഡ് പാരന്റ്സിനുള്ള ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വി. കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ കുർബാനയ്ക്കിടയിൽ ലേഖനം വായിക്കാനും, കാഴ്ചസമർപ്പിക്കാനും ഗ്രാൻഡ് പാരന്റ്സിന് അവസരം നല്കുക.
- വി. കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികൾ ആരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.
- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.

– ഗ്രാൻഡ് പാരന്റ്സിനായി കാപ്പി ഒരുക്കുക. ഒരു ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

### വിവാഹോത്സവ്

വിവാഹത്തിന്റെ 25-ഉം 50-ഉം വർഷങ്ങൾ പൂർത്തിയാക്കിയ ജൂബിലി ദമ്പതികളെ ആദരിക്കുന്ന വിവാഹോത്സവ് സെപ്റ്റംബർ - നവംബർ മാസങ്ങളിൽ ഓഫ്‌ലൈനായി ഫൊറോന തലത്തിൽ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും 1972 ലും 1997 ലും വിവാഹിതരായ ദമ്പതികളുടെ പേരും, ഫോൺ നമ്പറും അതിരൂപത കേന്ദ്രത്തിൽ ഏൽപ്പിക്കാൻ ഫൊറോന ആനിമേറ്റർ സിസ്റ്ററിന്റെ പക്കൽ **ജൂലൈ 15** -നകം നൽകേണ്ടതാണ്.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## സുബോധന, അങ്കമാലി

(റീജിയണൽ പാസ്റ്ററൽ സെന്റർ)

സുബോധന അക്കാദമിയുടെ ബൈബിൾ വിജ്ഞാനീയം, പാശ്ചാത്യ തത്വശാസ്ത്രം എന്നീ വിഷയങ്ങളിലെ ഡിപ്ലോമ പ്രോഗ്രാമുകളിലേക്കും ആത്മീയ ദൈവശാസ്ത്രത്തിലെ സർട്ടിഫിക്കറ്റ് കോഴ്സിലേക്കുമുള്ള ആദ്യബാച്ചിലെ അഡ്മിഷനുകൾ ജൂലൈ 12 വരെ സ്വീകരിക്കുന്നതാണ്. അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും 9891540075 or subodhanaacademy.com

- ജൂലൈ 16 ന് ബൈബിൾ വിജ്ഞാനീയം ക്ലാസ്സുകൾ ആരംഭിക്കുന്നു
- ജൂലൈ 19 ന് പാശ്ചാത്യ തത്വശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു
- ജൂലൈ 21 ന് ആത്മീയ ദൈവശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു

വിദ്യാസമ്പന്നരായ അല്മായരുടെ സൗജന്യ സേവനം സുബോധന അക്കാദമിയുടെ പ്രവർത്തങ്ങളിലേക്ക് ക്ഷണിക്കുന്നു. അക്കാദമിയുടെ അങ്കമാലി ഓഫീസിൽ വന്നോ, വീട്ടിൽ ആയിരുന്നുകൊണ്ടോ സേവനം ചെയ്യാവുന്നതാണ്.

**ഫാ. രാജൻ പുന്നക്കൽ**
**ഡയറക്ടർ**

# അതിരൂപതാ കുടുംബ കൂട്ടായ്മ

## പ്രോഗ്രാമുകൾ

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള പരിശീലനം**

- അശോകപുരം : ജൂലൈ 3, രാവിലെ 10.00 – 12.30 പിഎം
- ചമ്പന്നൂർ സൗത്ത് : ജൂലൈ 3, ഉച്ചകഴിഞ്ഞ് 3.00 – 5 പിഎം
- താബോർ : ജൂലൈ 17, രാവിലെ 8.00 –11.00
- തുറവൂർ നോർത്ത് : ജൂലൈ 17, ഉച്ചകഴിഞ്ഞ് 2.30– 5.00 പിഎം
- പ്രസാദഗിരി : ജൂലൈ 24, രാവിലെ 8.00 – 11.00

**വൈസ്ചെയർപേഴ്സൺമാരുടെയും ജനറൽ സെക്രട്ടറിമാരുടെയും സമ്മേളനം**

കലൂർ റിന്യൂവൽ സെന്ററിൽ
2022 ജൂലൈ 9, ശനിയാഴ്ച രാവിലെ (9.30 – 4.00)

## അറിയിപ്പുകൾ

കുടുംബ കൂട്ടായ്മ കേന്ദ്രത്തിൽനിന്നും വൈസ് ചെയർപേഴ്സണെയും ജനറൽ സെക്രട്ടറിയേയും ക്ഷണിച്ചുകൊണ്ടുള്ള കത്ത് പള്ളികളിലേക്ക് അയച്ചിട്ടുണ്ട്. ഉണ്ണീശോയ്ക്കുള്ള ഒരു രൂപ സംഭാവനയും ഇടവകയിലെ എല്ലാ കുടുംബകൂട്ടായ്മകളുടെയും പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും പേരും ഫോൺ നമ്പറും അടങ്ങിയ ലിസ്റ്റും അവർ വശം കൊടുത്തുവിടുവാൻ വികാരിമാർ ശ്രദ്ധിക്കുമല്ലോ!

**ഫാ. രാജൻ പുന്നക്കൽ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### കർഷക സിനഡ്

ആഗോളസിനഡിന്റെ ഒരുക്കമായി കാലടി സെന്റ് ജോർജ് ഹാളിൽ കർഷക സിനഡ് സംഘടിപ്പിച്ചു. മെത്രാപ്പോലീത്തൻ വികാരി ആർച്ച് ബിഷപ്പ് ആൻറണി കരിയിൽ ഉദ്ഘാടനം ചെയ്തു. നബാർഡിന്റെ സഹകരണത്തോടെ സഹൃദയ കാഞ്ഞൂർ മേഖലയിൽ സംഘടിപ്പിച്ച കർഷക പരിശീലനപരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകളും യോഗത്തിൽ വിതരണം ചെയ്തു.

### ട്രാൻസ് ജെൻഡർ സിനഡ്

ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി പൊന്നുരുന്നിയിൽ നടത്തിയ സിനഡ് അതിരൂപതാ വൈസ് ചാൻസലർ ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ ഉദ്ഘാടനം ചെയ്തു.

### സഹൃദയയ്ക്ക് നിലമ്പൂർ നഗരസഭയുടെ ആദരം

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭാ പരിധിയിലെ 6700 കുടുംബങ്ങളിലെ ജൈവ മാലിന്യ സംസ്കരണത്തിനായി നടപ്പാക്കുന്ന ഹരിത കാന്തി പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ശുചിത്വ മിഷൻ പദ്ധതിയുടെ അംഗീകൃത സേവന ദാതാവെന്ന നിലയിൽ നൽകിയ സജീവ സഹകരണത്തിന് വെൽഫെയർ സർവീസസിന് നഗരസഭയുടെ ആദരം. നഗരസഭയിൽ നടത്തിയ ഹരിതകാന്തി സമർപ്പണ ചടങ്ങിൽ സംസ്ഥാന കായികമന്ത്രി വി. അബ്ദുറഹിമാനിൽ നിന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ ഉപഹാരം ഏറ്റുവാങ്ങി.

### ബാലവേല വിരുദ്ധ വാരാചരണം

ബാലവേല വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി റയിൽവേ ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണ സമിതി, സ്പെഷ്യൽ ജുവനൈൽ പൊലീസ് യൂണിറ്റ്, റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ഗവ. റയിൽവേ പൊലീസ് എന്നിവരുടെ സഹകരണത്തോടെ ആലുവ റയിൽവേ സ്റ്റേഷനിൽ ബാലവേല വിരുദ്ധ ബോധവത്കരണവും സംയുക്ത ട്രെയിൻ പരിശോധനയും നടത്തി. ട്രയിനുകളിൽ സംയുക്തമായി നടത്തിയ പരിശോധനയിൽ നാല് കുട്ടികളെ കണ്ടെത്തി സുരക്ഷാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്തു.

## ഭിന്നശേഷിക്കാർക്ക് കൃത്രിമ അവയവ വിതരണം

കൊച്ചി മിഡ്ടൗൺ റോട്ടറി ക്ലബിന്റെ സഹകരണത്തോടെ സഹൃദയ, 50 ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശോധനകൾ നടത്തി കൃത്രിമ അവയവങ്ങൾ വിതരണം ചെയ്തു. പൊന്നുരുന്നി സഹൃദയ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനം റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ രാജശേഖർ ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു.

## വി ഗാർഡ് - സഹൃദയ നവദർശൻ പദ്ധതി

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി. വി ഗാർഡ് ഫൗണ്ടേഷന്റെ സഹകരണത്തോടെ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സഹൃദയ നടപ്പാക്കിവരുന്ന നവദർശൻ പദ്ധതിയുടെ ഭാഗമായി എറണാകുളം, തൃശൂർ, ആലപ്പുഴ, പാലക്കാട്, മലപ്പുറം എന്നി ജില്ലകളിലെ 10 ബഡ്സ് സ്കൂളുകളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ 1000 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിന്റെ ഉദ്ഘാടനം കൂനമ്മാവ് ചാവറ സ്പെഷ്യൽ സ്കൂളിൽ നടത്തി. ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ അധ്യക്ഷത വഹിച്ച സമ്മേളനം എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു.

## സഹൃദയ കുടുംബദിനം

വിദ്യാലയ വർഷാരംഭത്തോടനുബന്ധിച്ച് സഹൃദയ സ്റ്റാഫംഗങ്ങളുടെ കുടുംബ സമ്മേളനം സംഘടിപ്പിച്ചു. അതിരൂപത വികാരി ജനറൽ ഫാ. ജോസ് പുതിയേടത്ത് മുഖ്യാതിഥിയായിരുന്നു.

## നൈവേദ്യ പെയിൻ ഓയിൽ, ഹെയർ ഓയിൽ

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി പുറത്തിറക്കുന്ന വേദന സംഹാര തൈലത്തിന്റേയും കേശതൈലത്തിന്റേയും ഉദ്ഘാടനം സിനിമാതാരം ഫെമിന ജോർജ് നിർവഹിച്ചു.

## നൈപുണി വികസന സർട്ടിഫിക്കറ്റ് വിതരണം

കേന്ദ്ര നൈപുണി വികസന മന്ത്രാലയത്തിന് കീഴിലുള്ള ജൻ ശിക്ഷൺ സംസ്ഥാൻ പദ്ധതിയുടെ സഹകരണത്തോടെ സഹൃദയ, വനിതാ സ്വയംസഹായ സംഘാംഗങ്ങൾക്കായി കണ്ടനാട് ഇൻഫന്റ് ജീസസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ക്രാഫ്റ്റ് ബേക്കർ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം

ചെയ്തു. 2 മാസം നീണ്ടുനിന്ന പരിശീലനത്തിൽ 50 പേരാണ് പങ്കെടുത്തത്.

## സ്മാൾ പോൾട്രി ഫാർമർ

കേന്ദ്ര നൈപുണി വികസന മന്ത്രാലയത്തിന് കീഴിലുള്ള ജന ശിക്ഷണ സംസ്ഥാൻ പദ്ധതിയുടെ സഹകരണത്തോടെ സഹൃദയ, കൂനമ്മാവ് ചാവറ സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച സ്മാൾ പോൾട്രി ഫാർമർ പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും കോഴിക്കുഞ്ഞുങ്ങളും വിതരണം ചെയ്തു. 15 ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ പങ്കെടുത്ത 40 പേർക്ക് 50 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തത്.

## മാർഗദർശി ശില്പശാല കമ്മിറ്റി രൂപീകരണം

ഭിന്നശേഷിക്കാരായ യുവജനങ്ങളെ സംരംഭകപ്രവർത്തനങ്ങളിലൂടെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനായി സഹൃദയ, എനേബിൾ ഇന്ത്യ, ഗ്രാമീണ സ്വയം തൊഴിൽ കേന്ദ്രം എന്നിവയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി നായരമ്പലം സാൻജോപുരം പാരിഷ് ഹാളിൽ മാർഗദർശി ശില്പശാല കമ്മിറ്റി രൂപീകരണം നടത്തി. 18 നും 40 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ രൂപീകരിച്ച് വിവിധ സ്വയം തൊഴിലുകളിലും സംരംഭക പ്രവർത്തനങ്ങളിലും പരിശീലനവും സാങ്കേതിക പിന്തുണയും നൽകി സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## ഓപ്പറേഷൻ സുരക്ഷാ 2.1

എറണാകുളം റെയിൽവേ ചൈൽഡ് ലൈനിന്റെ നേതൃത്വത്തിൽ ചൈൽഡ് ഹെൽപ് ലൈൻ ദിനത്തോടനുബന്ധിച്ചു ആലുവ റെയിൽവേ സ്റ്റേഷനിൽ നടത്തിയ ഓപ്പറേഷൻ സുരക്ഷാ 2.1 പ്രോഗ്രാമിന്റെ ഭാഗമായി ആലുവ റെയിൽവേ സ്റ്റേഷനിൽ നിന്നും അഞ്ചു ദിവസത്തിനുള്ളിൽ കണ്ടെത്തിയത് 9 കുട്ടികളെ. എട്ട് പേർ 14 വയസിനു താഴെ മാത്രം പ്രായമുള്ളവരും, ഒരാൾക്ക് 16 വയസുമാണ്. എറണാകുളം ജില്ലയിലെ റെയിൽവേ സ്റ്റേഷനുകളിൽ സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ കുട്ടികളെ കാണാനിടയായാൽ പൊതുജനങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ അറിയിക്കാവുന്നതാണ്. എറണാകുളം റെയിൽവേ ചൈൽഡ് ലൈൻ : 0484-2981098, 9188211098.

### ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

സഹൃദയ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി എറണാകുളം റീജിയണൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി തുതിയൂർ, സാൻജോപുരം പാരീഷ് ഹാളുകളിൽ രജിസ്ട്രേഷൻ ക്യാമ്പും ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. 105 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

### സഹൃദയ പരിസ്ഥിതി ദിനാചരണം

സഹൃദയയുടെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളുടേയും സ്വയം സഹായ സംഘങ്ങളുടേയും സഹകരണത്തോടെ പരിസ്ഥിതി ദിനത്തിൽ അതിരൂപതയിലെ മുന്നൂറോളം കേന്ദ്രങ്ങളിൽ പൊതുസ്ഥലങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് ശുചീകരണം നടത്തി. പരിസ്ഥിതിദിന ശുചീകരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം മലയാറ്റൂർ മഹാ ഇടവകയുടെ സഹകരണത്തോടെ അടിവാരത്തു സംഘടിപ്പിച്ചു. മലയാറ്റൂർ വികാരി ഫാ. വർഗീസ് മണവാളൻ വൃക്ഷത്തെ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. ഗ്രാമതലങ്ങളിൽ പരിസ്ഥിതിദിനാചരണത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും സംഘം പ്രവർത്തകർക്കും ഇടവകാംഗങ്ങൾക്കും നന്ദി പറയുന്നു.

### സോളാർ ഓൺ ഗ്രിഡ് പദ്ധതി

ചുണങ്ങംവേലി എസ്.ഡി. കോൺവെന്റിൽ 36 കിലോ വാട്ട് ശേഷിയുള്ള സോളാർ ഗ്രിഡ് പവർ സിസ്റ്റം സഹൃദയയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

അർപ്പൺ ഫൗണ്ടേഷന്റെയും കാക്കനാട് സൺറൈസ് ഹോസ്പിറ്റലിന്റേയും സഹകരണത്തോടെ സൗജന്യ ആരോഗ്യ പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ അറുപതോളം പേർ പങ്കെടുത്തു

### സഹൃദയ സമരിറ്റൻസ്

സഹൃദയയുടെ സന്നദ്ധ സേനയായ സഹൃദയ സമരിറ്റൻസ് സന്നദ്ധ പ്രവർത്തനങ്ങളിൽ ചേർന്ന് സഹകരിക്കുന്നതിന് താത്പര്യമുള്ളവർക്ക് സഹൃദയ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**

**ഡയറക്ടർ**

# അതിരൂപത മദ്യവിരുദ്ധസമിതി

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ അതിരൂപതാതല തെരഞ്ഞെടുപ്പ് നടത്തി.

## പുതിയ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | അഡ്വ. ചാർളി പോൾ |
| ജനറൽസെക്രട്ടറി | - | ഷൈബി പാപ്പച്ചൻ |
| ട്രഷറർ | - | എം. പി. ജോസി |
| മറ്റ് ഭാരവാഹികൾ: | | |
| വൈസ് പ്രസിഡന്റുമാർ | - | ചാണ്ടി ജോസ് |
| | | സി. ജോൺകുട്ടി |
| | | കെ. എ. റപ്പായി കണ്ണമ്പുഴ |
| | | കെ. വി. ജോണി |
| സെക്രട്ടറിമാർ | - | സുഭാഷ് ജോർജ് |
| | | ശോശാമ്മ തോമസ് |
| | | ജോർജ് ഇമ്മാനുവേൽ |
| | | സാബു ആന്റണി |
| ജനറൽ കോ-ഓർഡിനേറ്റർ | - | കെ. എ. പൗലോസ് കാച്ചപ്പിള്ളി |

കലൂർ റിന്യൂവൽ സെന്ററിൽ ചേർന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് നേരേവീട്ടിൽ അധ്യക്ഷത വഹിച്ചു.

**ഫാ. ജോർജ് നേരേവീട്ടിൽ**
**ഡയറക്ടർ (9388953397)**

## DEPARTMENT OF BIBLE APOSTOLATE

bibleapostolateekm@gmail.com

# ലോഗോസ്ക്വിസ് 2022

ആഗോള തലത്തിൽ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കുന്ന വചനപഠനവേദി എന്നറിയപ്പെടുന്ന ലോഗോസ് ക്വിസിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന രൂപത എന്ന നേട്ടം ലോഗോസ് ക്വിസിന്റെ ആരംഭം മുതൽ ഇതുവരെ നമ്മുടെ അതിരൂപതയ്ക്ക് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷവും ഒന്നാം സ്ഥാനം നിലനിർത്താൻ എല്ലാവരുടെയും നിർലോഭമായ സഹകരണം വിനീതമായി അഭ്യർത്ഥിക്കുന്നു.

## ലോഗോസ് ക്വിസ് രജിസ്ട്രേഷൻ

ഓൺലൈൻ ആയാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. 2022 ജൂലൈ 31 വരെയാണ് രജിസ്റ്റർ ചെയ്യാവുന്നത്. ജൂലൈ 31 ന് ശേഷമുള്ള **ഒരു രജിസ്ട്രേഷനും സ്വീകരിക്കുന്നതല്ല, അതിനാൽ രജിസ്ട്രേഷൻ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.**

## രജിസ്ട്രേഷൻ ഫീസ്

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 10/- രൂപ. ഇടവക/സെന്റർ ചെലവുകൾക്ക് 1 രൂപ. ബാക്കി 9 രൂപ അതിരൂപതാകേന്ദ്രത്തിൽ നേരിട്ടോ ഓൺലൈൻ മുഖേനയോ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതോടൊപ്പം ഏൽപ്പിക്കേണ്ടതാണ്.

ബാങ്ക് ട്രാൻസ്ഫർ നടത്തേണ്ടത് താഴെ നല്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കാണ്.

A/C Name: Bible Apostolate Department
A/C No: 0112040407221900001
Bank Name: CSB
IFSC : CSBK0000112

ഗൂഗിൾപേയിലെ ബാങ്ക് ട്രാൻസ്ഫർ എന്ന പേയ്മെന്റ് ഓപ്ഷൻ ഉപയോഗിച്ചും ഈ അക്കൗണ്ടിലേക്ക് തുക അടയ്ക്കാവുന്നതാണ്. പൈസ ഓൺലൈനായി അടച്ചതിനുശേഷം അതിന്റെ സ്ക്രീൻഷോട്ട് ആവശ്യമായ വിശദാംശങ്ങളോടുകൂടെ **9946737160** എന്ന നമ്പറിലേക്ക് അയയ്ക്കേണ്ടതാണ്. താല്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ ഫീസ് ഫൊറോന സെക്രട്ടറി സിസ്റ്റർ വഴി അതിരൂപതാകേന്ദ്രത്തിൽ അടയ്ക്കാവുന്നതാണ്.

**Contact**

| | | |
|---|---|---|
| Technical Co-ordinator: | Mr.Jinu Joseph | - 9496826669 |
| Office Secretary: | Sr. Rosejoe CMC | - 9946737160 |

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ (9961814742)**

# അതിരൂപതാ ഡയറി

**ജൂൺ 2022**

1 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര ഭാരത മാതാ കോളേജിൽ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയ MBA കെട്ടിടത്തിന്റെ ആശീർവാദ കർമ്മം നിർവ്വഹിച്ചു.

കലൂർ റിന്യൂവൽ സെന്ററിൽ നടന്ന മാധ്യമ പ്രവർത്തകരുടെ സിനഡിൽ പങ്കെടുത്തു.

വൈകുന്നേരം കുഴിക്കാട്ടുശ്ശേരിയിൽ വി. മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ചുള്ള വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

4 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ പുതിയ സെമിനാരിക്കാരെ ഇന്റർവ്യൂ നടത്തി.

5 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അങ്കമാലി സുബോധന അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു.

ഇഗ്നേഷ്യസ് പയ്യപ്പള്ളി അച്ചൻ രചിച്ച *'നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾ'* എന്ന പുസ്തകത്തിന്റെ പ്രകാശനം നടത്തി.

പാറപ്പുറം പള്ളിയുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ബലിപീഠ വെഞ്ചരിപ്പ് നടത്തി.

6 ആന്റണി കരിയിൽ പിതാവ് രാവിലെ അങ്കമാലി വിശ്വജ്യോതി സി.എം.ഐ. സ്കൂളിലെ പുതിയ ബിൽഡിംഗിന്റെ ആശീർവാദ കർമ്മം നടത്തി.

ഉച്ചയ്ക്ക് കൂനമ്മാവിൽ 'സഹൃദയ'യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പഠനോപകരണ വിതരണം ഉദ്ഘാടനം ചെയ്തു.

വൈകിട്ട് പി.ഒ.സി. യിൽ നടന്ന കെ.സി.വൈ.എം. ജനറൽ ബോഡി മീറ്റിംഗിൽ സമാപന സന്ദേശം നല്കി.

എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ എഫ്ഫാത്ത - പ്രതിവാര ബൈബിൾ ക്ലാസിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

7 ആന്റണി കരിയിൽ പിതാവ് നിവേദിതയിൽ ബഹു. വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനത്തിൽ പങ്കെടുത്തു സന്ദേശം നല്കി.

9–17 ആന്റണി കരിയിൽ പിതാവും വികാരി ജനറാൾമാരും ചാൻസലർ അച്ചനും, കത്തീഡ്രൽ വികാരിയും റോമിലേയ്ക്കു പോയി പൗരസ്ത്യ തിരുസംഘം, സെക്രട്ടറി ഓഫ് സ്റ്റേറ്റ് എന്നിവരുമായി ആരാധനക്രമ വിഷയത്തിൽ കൂടിക്കാഴ്ച നടത്തി.

18 ആന്റണി കരിയിൽ പിതാവ് രാവിലെ കലൂർ റിന്യൂവൽ സെന്ററിൽ നടന്ന 'സിവിൽ സർവ്വീസ് അക്കാദമിയുടെ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു. സിവിൽ സർവ്വീസ് പരീക്ഷയിൽ ഉയർന്ന വിജയം നേടിയവരെ ആദരിച്ചു.

ചൂണ്ടി ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നടന്ന Advocates ന്റെ സിനഡിൽ പങ്കെടുത്തു.

19 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കാലടി പള്ളിയിൽ നടന്ന കർഷക സിനഡ്, എ.കെ.സി.സി. മേഖല സമ്മേളനം എന്നിവയിൽ സംബന്ധിച്ചു.

23 ആന്റണി കരിയിൽ പിതാവ് നിവേദിതയിൽ ബഹു. വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

24 ആന്റണി കരിയിൽ പിതാവ് തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് അരമനയിൽ വി. കുർബാന അർപ്പിച്ച് ദിവ്യകാരുണ്യ ആരാധന ആരംഭിക്കുകയും, വൈകുന്നേരം സമാപനം നടത്തുകയും ചെയ്തു.

25 ആന്റണി കരിയിൽ പിതാവ് തൃക്കാക്കര ഭാരതമാതാ കോളേജിൽ നടന്ന അതിരൂപതാ സിനഡൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമാപനം വരെ സംബന്ധിക്കുകയും ചെയ്തു.

ഉച്ചക്ക് കലൂർ റിന്യൂവൽ സെന്ററിൽ കെ.സി.എസ്.എൽ. പ്രവർത്തന വർഷ ഉദ്ഘാടനം നിർവ്വഹിച്ചു.

26 ആന്റണി കരിയിൽ പിതാവ് രാവിലെ തേവര സി.എം.ഐ. തിരുഹൃദയ ആശ്രമത്തിലെ തിരുനാൾ ആഘോഷ സമാപനത്തിൽ ദിവ്യകാരുണ്യ ആശീർവാദം നടത്തി.

ഉച്ചകഴിഞ്ഞ് നിവേദിതയിൽ നടന്ന മതബോധന പ്രധാനാധ്യാപക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

വൈകിട്ട് കാലടി ജീവാലയയിൽ നടന്ന 'ഇന്റർനാഷണൽ വിഡോവേഴ്സ് ഡേ' സെമിനാറിൽ പങ്കെടുത്ത് പ്രഭാഷണം നടത്തി.

27 ആന്റണി കരിയിൽ പിതാവ് രാവിലെ കാലടി ജീവാലയയിൽ നടന്ന 'Family Apostolate' ന്റെ Trust Meeting -ൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് എറണാകുളം ആർച്ച്ബിഷപ്സ് ഹൗസിൽ AICO മീറ്റിംഗിൽ പങ്കെടുത്തു.

28 ആന്റണി കരിയിൽ പിതാവ് വടവാതൂർ സെമിനാരിയിൽ സെമിനാരിയുടേയും പൗരസ്ത്യ വിദ്യാപീഠത്തിന്റെയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

29 ആന്റണി കരിയിൽ പിതാവ് വൈകിട്ട് എറണാകുളം ആർച്ചുബിഷപ്സ് ഹൗസിൽ 'സിനഡൽ ടീം' മീറ്റിംഗിൽ പങ്കെടുത്തു.

* * * * *

# അതിരൂപതാ സിനഡൽ സമ്മേളനം

## ജൂൺ 25, 2022, തൃക്കാക്കര ഭാരത മാത കോളേജ്







RNI No. 3421/57
Date of Publication: 01-07-2022
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"Dear priests, be patient with the faithful, always ready to encourage them. Be untiring ministers of God's forgiveness and mercy. Never be harsh judges, but loving fathers."*

**Pope Francis,**
***Twitter Message, June 24, 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Jose Pollayil